ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.08.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) പരീക്ഷകളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിൻറെ ഭാഗമായി നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ പരീക്ഷാ സംഘത്തെ പുനഃസംഘടിപ്പിച്ചു.

   **The National Testing Agency has revamped its examination team to ensure transparency in examinations.**

2) രാജ്യത്തെ തിരഞ്ഞെടുപ്പ് സംവിധാനത്തിന്റെ വിശ്വാസ്യതയും കരുത്തും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടതായി ഇന്ത്യ.

   **India says, credibility of country's election machinery well-established globally.**

3) രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ചെന്നൈയിലെത്തും. നാളെ ദക്ഷിണേന്ത്യൻ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും.

   **Union Home Minister Amit Shah will arrive in Chennai this evening on a two-day visit to Tamil Nadu. He will attend the South India Chief Ministers Conference tomorrow.**

4) കേരളത്തിൽ --സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള അരി വിതരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മന്ത്രി എൻ ഷംസുദ്ദീൻ നിർവഹിക്കും.

**In Kerala, minister N Shamsuddin will inaugurate the state-level rice distribution for school students today in Thiruvananthapuram.**

5) **ഹോർമുസ് കടലിടുക്ക് സംബന്ധിച്ച് കരാറിൽ എത്തുന്നതുവരെ ഇറാനുമായുള്ള ചർച്ചകൾ നിർത്തിവയ്ക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ്.**

**US President Donald Trump says talks with Iran will be suspended until an agreement is made on the Strait of Hormuz.**

6) **നെതർലൻഡ്സിൽ നടക്കുന്ന പുരുഷ ഹോക്കി ലോകകപ്പിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് പാകിസ്ഥാനെ നേരിടും.**

**In the Men's Hockey World Cup, the Indian men's team will face Pakistan today in the Netherlands.**

*********************

## NTA-REVAMP

പരീക്ഷകളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിൻറെ ഭാഗമായി നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ പരീക്ഷാ സംഘത്തെ പുനഃസംഘടിപ്പിച്ചു. 600 വിദഗ്ധരെ പാനലിൽ നിന്ന് ഒഴിവാക്കി. നാല് തലങ്ങളിലുള്ള ചോദ്യപേപ്പർ പരിശോധനാ സംവിധാനം ഏർപ്പെടുത്തുമെന്നും സുരക്ഷ ശക്തമാക്കുമെന്നും വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു

*********************

## JHARKHAND - EXAMS

ജാർഖണ്ഡിൽ വിദ്യാർത്ഥി പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ 44 നിയമന പരീക്ഷകൾ റദ്ദാക്കി സംസ്ഥാന സർക്കാർ. ക്രമക്കേടുകളെ തുടർന്ന് റദ്ദാക്കിയ ഈ പരീക്ഷകളുടെ പട്ടിക, പുറത്തുവിട്ടു. 2014 മുതൽ ജാർഖണ്ഡ് പബ്ലിക് സർവീസ് കമ്മീഷനും ഔട്ട്സോഴ്സ് ഏജൻസിയായ TSR ഡാറ്റാ പ്രോസസിംഗ് പ്രൈവറ്റ് ലിമിറ്റഡും നടത്തിയ പരീക്ഷകളാണ് റദ്ദാക്കിയത്.

*********************

## SC - NEET PROTEST

ഡൽഹിയിൽ വിദ്യാർത്ഥി പ്രതിഷേധത്തിനിടെയുണ്ടായ പോലീസ് നടപടികളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും പരിശോധിക്കാൻ ഉന്നതതല സമിതി രൂപീകരിക്കുമെന്ന് സുപ്രീം കോടതി. വിരമിച്ച ജഡ്ജിമാർ, മുൻ ഡിജിപി, മുൻ സിബിഐ ഡയറക്ടർ എന്നിവരടങ്ങുന്ന സമിതിയുടെ ഉത്തരവ് ഉടൻ പുറപ്പെടുവിക്കും. ജൂലൈ 20-ന് സിജെപി നടത്തിയ പാർലമെൻറ് മാർച്ചിൻറെ ദൃശ്യങ്ങളും സിസിടിവി റെക്കോർഡിംഗുകളും സമിതിക്ക് നൽകാനും കോടതി നിർദേശിച്ചു.

*********************

## MEA (INTRO)

രാജ്യത്തെ തിരഞ്ഞെടുപ്പ് സംവിധാനത്തിന്റെ വിശ്വാസ്യതയും കരുത്തും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടതായി ഇന്ത്യ. ന്യൂഡൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാളാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യയുടെ തിരഞ്ഞെടുപ്പ് സംവിധാനത്തെ പ്രശംസിച്ച യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപിൻറെയും യുഎസ് തിരഞ്ഞെടുപ്പുകളിൽ വോട്ടർ തിരിച്ചറിയൽ കാർഡിന്റെ അഭാവത്തെക്കുറിച്ചുള്ള ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ പരാമർശത്തിത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രസ്താവന. ഭീകരവാദത്തെ വളരെ ഗൗരവമായാണ് ഇന്ത്യ സമീപിക്കുന്നതെന്നും ഷഹ്സാദ് ഭട്ടി ഭീകര ശൃംഖലയെക്കുറിച്ചുള്ള പാകിസ്ഥാന്റെ പ്രതികരണത്തെക്കുറിച്ച്, പറയവേ വിദേശകാര്യ വക്താവ് പറഞ്ഞു.

(വോയ്സ്)

*********************

## AMITSHAH-TN

രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ചെന്നൈയിലെത്തും. നാളെ ചെന്നൈയ്ക്കടുത്തുള്ള കോവളത്ത് നടക്കുന്ന ദക്ഷിണേന്ത്യൻ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും. തമിഴ്നാട്, കേരളം, ആന്ധ്രാപ്രദേശ്, തെലങ്കാന, പുതുച്ചേരി മുഖ്യമന്ത്രിമാരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

*********************

## GOYAL- JAPAN (INTRO)

ഇൻഡോ-പസഫിക് മേഖലയിലെ സമാധാനവും പുരോഗതിയും മെച്ചപ്പെടുത്തുന്നതിനായി ഇന്ത്യയും ജപ്പാനും തമ്മിൽ അടുത്ത ബന്ധമാണ് പുലർത്തുന്നതെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. 2025-26 സാമ്പത്തിക വർഷത്തിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 27.5 ബില്യൺ ഡോളറിലെത്തിയതായും ഇന്ത്യയിലെ നേരിട്ടുള്ള വിദേശനിക്ഷേപത്തിൽ അഞ്ചാം സ്ഥാനത്താണ് ജപ്പാനെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ജപ്പാൻ പ്രതിനിധി സംഘത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ഗോയൽ. (ഹോൾഡ്)

*********************

## BRICS - MEETING

പരിസ്ഥിതി സംരക്ഷണത്തിലും സുസ്ഥിര വികസനത്തിലും സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത ആവർത്തിച്ച് ബ്രിക്സ് രാജ്യങ്ങൾ. ഇന്ത്യയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ നടന്ന 12-ാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗത്തിന്റെ സമാപനത്തിലാണ് ഈ തീരുമാനം കൈകൊണ്ടതെന്ന് സംയുക്ത മന്ത്രിതല പ്രസ്താവനയിൽ അറിയിച്ചു. "പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കാം" എന്ന പ്രധാന പ്രമേയത്തിലാണ് ചർച്ചകൾ നടന്നത്.

*********************

## SHAMSUDHEEN

കേരളത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള അരി വിതരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പട്ടം ഗവ. ഗേൾസ് H.S.S ൽ ഇന്ന് മന്ത്രി എൻ ഷംസുദ്ദീൻ നിർവഹിക്കും. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രീ പ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കാണ് ഓണത്തോടനുബന്ധിച്ച് 4 കിലോഗ്രാം വീതം അരി വിതരണം ചെയ്യുന്നത്.

*********************

## WELFARE PENSION

സംസ്ഥാനത്ത് ഓണം പ്രമാണിച്ച് അടുത്ത മാസത്തേക്കുള്ള സാമൂഹിക ക്ഷേമ പെൻഷൻ ഇന്ന് മുതൽ വിതരണം ചെയ്യുമെന്നും മുഖ്യമന്ത്രി വി.ഡി.സതീശൻ അറിയിച്ചു. ഇതിനായി 1,105 കോടി രൂപയാണ് അനുവദിച്ചിതെന്നും അദ്ദേഹം പറഞ്ഞു.

*********************

## GOVT- PNG SCHEME (Intro)

രാജ്യത്തെ വീടുകളിലേക്ക് സുരക്ഷിതവും ചെലവുകുറഞ്ഞതുമായ PNG പാചകവാതകം വേഗത്തിൽ ലഭ്യമാക്കുന്നതിനായി പുതിയ പ്രോത്സാഹന പദ്ധതിക്ക് അംഗീകാരം നൽകി കേന്ദ്ര സർക്കാർ. പദ്ധതി അടുത്ത മാസം ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരും.

**വിശദാംശങ്ങളിലേക്ക്.........**

**(വോയ്സ്)**

രാജ്യത്തുടനീളം പി.എൻ.ജി ശൃംഖല വേഗത്തിലാക്കുകയും കൂടുതൽ വീടുകളിൽ പൈപ്പ് ലൈൻ ഗ്യാസ് ഉപയോഗം ഉറപ്പാക്കുകയുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്ന് കേന്ദ്ര പെട്രോളിയം പ്രകൃതവാതക മന്ത്രാലയം അറിയിച്ചു. പ്രവർത്തനരഹിതമായി കിടക്കുന്ന കണക്ഷനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും പി.എൻ.ജി ശൃംഖല പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ കമ്പനികൾക്ക് പദ്ധതി നേരിട്ട് പ്രോത്സാഹനം നൽകുമെന്നും മന്ത്രാലയം വ്യക്തമാക്കി. ആറ് മാസത്തിനിടയിൽ രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുക. നിലവിൽ രാജ്യത്ത് 1.74 കോടി ആഭ്യന്തര പി.എൻ.ജി കണക്ഷനുകളാണുള്ളത്.

**ന്യൂസ് ഡെസ്ക് ആകാശവാണി....**

*********************

## TRUMP IRAN

ഹോർമുസ് കടലിടുക്ക് സംബന്ധിച്ച് കരാറിൽ എത്തുന്നതുവരെ ഇറാനുമായുള്ള ചർച്ചകൾ നിർത്തിവയ്ക്കാൻ നയതന്ത്ര സംഘത്തിന് നിർദേശം നൽകി യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ്. ഇറാനുമായി നിലവിൽ ഒരു ചർച്ചയും നടക്കുന്നില്ലെന്നും, ഹോർമുസ് കടലിടുക്ക് പ്രവർത്തനക്ഷമമാണെന്നും ട്രംപ് സാമൂഹിക മാധ്യമത്തിലൂടെ പറഞ്ഞു. അതേസമയം, അമേരിക്കയുമായി ഒപ്പുവെച്ച ധാരണാപത്രത്തിലെ എല്ലാ വ്യവസ്ഥകളും പൂർണ്ണമായി പാലിക്കപ്പെടുന്നത് വരെ ഹോർമുസ് കടലിടുക്ക് അടച്ചിടുമെന്ന് ഇറാനും അറിയിച്ചിട്ടുണ്ട്.

*********************

## ISRAEL-SYRIA

സിറിയയുടെ വടക്കുപടിഞ്ഞാറൻ പ്രവിശ്യയായ ഇട്ലിബിലെ അബു ദുഹൂർ എയർ ബേസിന് നേരെ ഇസ്രായേൽ വ്യോമാക്രമണം നടത്തി. തുർക്കി സേനയെ എയർ ബേസിൽ വിന്യസിക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെയാണ് ഈ നടപടിയെന്ന് ഇസ്രായേൽ വ്യക്തമാക്കി. ഇസ്രായേലിന്റെ ആക്രമണം പരമാധികാരത്തിന്മേലുള്ള

കടന്നുകയറ്റമാണെന്നും അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാണെന്നും സിറിയയും തുർക്കിയും പ്രതികരിച്ചു.

*********************

## WEATHER

കേരളത്തിൽ ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കള്ളക്കടൽ പ്രതിഭാസത്തിൻ്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

*********************

## HOCKEY WORLD CUP

നെതർലൻഡ്സിൽ നടക്കുന്ന എഫ്.ഐ.എച്ച് പുരുഷ ഹോക്കി ലോകകപ്പ് പൂൾ D യിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് പാകിസ്ഥാനെ നേരിടും. പൂൾ D യിലെ രണ്ട് മത്സരങ്ങളും ജയിച്ച് ഇംഗ്ലണ്ട് ഇതിനകം അടുത്ത റൗണ്ടിലേക്ക് യോഗ്യത ഉറപ്പാക്കിക്കഴിഞ്ഞു. നാളെ നടക്കുന്ന അവസാന പൂൾ D മത്സരത്തിൽ ഇന്ത്യൻ വനിതാ ടീം ഇംഗ്ലണ്ടിനെ നേരിടും.

*********************

## TEST CRICKET

ഇന്ത്യ - ശ്രീലങ്ക ടെസ്റ്റ് ക്രിക്കറ്റ്, അവസാന ദിനത്തിൽ ശ്രീലങ്കയ്ക്ക് 372 റൺസ് വിജയ ലക്ഷ്യം. ഇന്ത്യയ്ക്ക് മത്സരം ജയിക്കാൻ ഇനി ആറ് വിക്കറ്റുകൾ കൂടിമതി. ഇന്ന് നാല് വിക്കറ്റ് നഷ്ടത്തിൽ 84 റൺസ് എന്ന നിലയിൽ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കുന്ന ശ്രീലങ്കയ്ക്ക് വിജയിക്കാൻ 288 റൺസ് കൂടി വേണം.

*********************

## INDIA SINGAPORE ROUNDTABLE

നാലാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല വട്ടമേശ സമ്മേളനം നാളെ സിംഗപ്പൂരിൽ നടക്കും. കേന്ദ്രമന്ത്രിമാരായ നിർമ്മല സീതാരാമൻ, എസ്. ജയശങ്കർ, പിയൂഷ് ഗോയൽ, വ്യവസായ സഹമന്ത്രി ജിതിൻ പ്രസാദ എന്നിവർ പങ്കെടുക്കും. സന്ദർശന വേളയിൽ കേന്ദ്രമന്ത്രിമാർ സിംഗപ്പൂർ നേതൃത്വത്തെ സന്ദർശിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

*********************

## KSRTC

കെഎസ്ആർടിസിയുടെ എക്സിക്യൂട്ടീവ് എസി വോൾവോ ലക്ഷ്വറി ബസ് നാളെ മുതൽ സർവീസ് ആരംഭിക്കും. തിരുവനന്തപുരത്ത് നിന്നും എറണാകുളത്തേക്ക് 4 മണിക്കൂർ 15 മിനുട്ട് കൊണ്ട് എത്തുന്ന വിധത്തിലാണ് പുതിയ സർവീസ് ക്രമീകരിച്ചിരിക്കുന്നത്. തിരുവനന്തപുരത്ത് നിന്ന് രാവിലെ അഞ്ചരയ്ക്കും, തിരികെ വൈകിട്ട് അഞ്ചരയ്ക്ക് എറണാകുളത്ത് നിന്നുമാണ് സർവീസ്.

**********************

## KOCHI METRO

ഓണത്തോടനുബന്ധിച്ച് യാത്രക്കാരുടെ തിരക്ക് വർധിക്കുന്നത് കണക്കിലെടുത്ത് കൊച്ചി മെട്രോ റെയിൽ അധിക ട്രെയിൻ സർവീസുകൾ നടത്തും. ഓഗസ്റ്റ് 22, 24, 25 തീയതികളിൽ ഉച്ചകഴിഞ്ഞ് 3 മുതൽ തിരക്കുള്ള സമയങ്ങളിൽ 6 മിനുട്ട് 45 സെക്കൻഡ് ഇടവേളയിൽ 4 അധിക സർവീസുകൾ നടത്തും. ഓഗസ്റ്റ് 23 ഞായറാഴ്ച്ച 2 ട്രെയിനുകൾ കൂടുലായി സർവീസ് നടത്തും.

******************

*************

****